പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1284

10.08.2017-ൽ
മറുപടി നൽകേണ്ടിയിരുന്നത്

## നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| എ) | പട്ടാമ്പി താലൂക്കിലെ നെൽവയലു കളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (എ) | പട്ടാമ്പി താലൂക്കിൽ പട്ടാമ്പി, ഓങ്ങല്ലൂർ, കുലുക്കല്ലൂർ, ചിലിശ്ശേരി, ആനക്കര, പട്ടിത്തറ, കപ്പൂർ ഒഴികെയുള്ള പഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ 7 പഞ്ചായത്തുകളിലും കരട് ഡാറ്റാബാങ്ക് KSREC (കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവിറോൺമെന്റ് സെന്റർ) ക്ക് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും അതിനു ശേഷം പ്രാദേശിക നിരീക്ഷണ സമിതി യോഗം ചേർന്ന് പഞ്ചായത്തു വഴി ഗസറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. കൃഷി വകുപ്പ് ശേഖരിച്ചു നൽകുന്ന ഡാറ്റയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലാണ് ഡാറ്റാ ബാങ്ക് വിജ്ഞാപനം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നത്. ആയതിനാൽ ഡാറ്റാ ബാങ്കിന്റെ പകർപ്പ് റവന്യൂ വകുപ്പിന്റെ പക്കൽ ലഭ്യമല്ല. ആയത് പഞ്ചായത്തുകളിലും കൃഷി ഭവനുകളിലും ലഭ്യമാണ്. |
| (ബി) | ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | 2008-ലെ വില്ലേജ് രേഖപ്രകാരം നിലമായുള്ള സർവ്വേ നമ്പർ ശേഖരിച്ച് വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ സംയുക്തമായി സ്ഥലപരിശോധന നടത്തി കരടു തയ്യാറാക്കി പ്രധാന സ്ഥാപനങ്ങളിൽ കരട് പ്രസിദ്ധീകരിക്കുകയും പഞ്ചായത്ത് സെക്രട്ടറിക്കു സമർപ്പിച്ച് ഗസറ്റിൽ പ്രസിദ്ധികരിക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ